ക്ലച്ച്‌ലേലം

*൭൩൪. (പ്രവ്യ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നമ്മുടെ സംസ്ഥാനത്തെ റിസർവുകളിലുള്ള തടിക്ലച്ചുകൾ ലേലം വിളിച്ചു കൊടുക്കുന്നതു സംബന്ധിച്ചു് എന്തെങ്കിലും ക്രമക്കേടുകൾ ഉള്ളതായി ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനു് എന്തു ചെയ്തു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല. ക്രമക്കേടുകൾ ഉള്ളതായി ഗവൺമെന്ററിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) എ-യുടെ ഉത്തരത്തിൽനിന്നു ഈ ചോദ്യം ഉദിക്കുന്നില്ല.

ഗ്രാന്റ് കൊടുക്കാത്ത സ്കൂളുകൾ

*൭൩൫. (പ്രൻ) ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽ മാനേജുമെന്റ് സ്കൂളുകളിൽ ഗ്രാന്റ് കൊടുക്കാത്ത ക്ലാസ്സുകൾ എത്ര;

(ബി) ഏതെങ്കിലും ഒരു കാലാവധി വച്ചാണോ ഗ്രാന്റ് കൊടുക്കാതിരിക്കുന്നതു്?

വിദ്യാഭ്യാസവും, ക്ഷേത്രവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ ടി. കെ. നാരായണപിള്ള):

(എ. & ബി.) പ്രഥമാദ്ധ്യാപകരെ ആരംഭിച്ചിട്ടുള്ള ക്ലാസുകൾക്കു ഗ്രാന്റ് അനുവദിച്ചിട്ടുള്ളൂ.

ശ്രീ. കെ. കെ. വിശ്വനാഥൻ: അപ്പോൾ പുതിയതായി ആരംഭിച്ചിട്ടുള്ള സ്കൂളുകൾക്കു ഗ്രാന്റ് കൊടുക്കുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗ്രാന്റ് കൊടുക്കുകയില്ലാ എന്നു പറഞ്ഞിട്ടില്ല.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: ഈ സ്കൂളുകൾ ആരംഭിച്ചതു ഗവൺമെന്റ് അനുവദിപ്രകാരമല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ. ഫണ്ടിന്റെ അഭാവംകൊണ്ടാണു് ഗ്രാന്റ് കൊടുക്കാതിരുന്നിട്ടുള്ളതു്.

ശ്രീ. ഇട്ടീര അയ്യക്കൻ: പ്രഥമാദ്ധ്യാപനു് മുമ്പുള്ള ഗ്രാന്റ് കൊടുത്തിട്ടുണ്ടെന്നാണോ അനുമാനിക്കേണ്ടതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ അനുമാനിക്കുന്നതിൽ തെറ്റില്ല.

ശ്രീ. ഇട്ടീര അയ്യക്കൻ: പ്രഥമാദ്ധ്യാപനു മുമ്പുള്ള ഗ്രാന്റ് കൊടുക്കാത്ത സ്കൂളുകൾ ഇനിയും ഉണ്ടെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെന്റിനു അങ്ങനെ അറിവാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly